"ഭരണഭാഷ - മാതൃഭാഷ"

**കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

(1956 ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി .ഓഫീസ് : വൈദ്യുതി ഭവനം ,പട്ടം ,തിരുവനന്തപുരം - 695 004 ,

കേരള CIN :U40100KL2011SGC027424 വെബ് സൈറ്റ് : www.kseb.in.

ഫോൺ : 0471 2448720

ഇമെയിൽ : dgkseb@kseb.in

## സംഗ്രഹം

യാത്രാ സൗകര്യം- ചീഫ് കോ-ഓർഡിനേറ്റർ, ലാന്റ് മാനേജ്മെന്റ് യൂണിറ്റിന് അനുവദിച്ചിരിക്കുന്ന വാഹനത്തിന്റെ യാത്രാ പരിധി ഉയർത്തിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്.

**കോർപ്പറേറ്റ് ഓഫീസ് (എസ്സ്.ബി.യൂ-ജി-സി)**

**ബി.ഒ.(എഫ്.റ്റി.ഡി.) നമ്പർ 730/2020 (ഡി.ജി.സി/എ.ഇ.ഇ VI/ലാന്റ്/2014).**

**തിരുവനന്തപുരം, തീയതി 07/12/2020**

പരാമർശം:-

1. ചീഫ് കോർഡിനേറ്റർ ലാന്റ് മാനേജ്മെന്റ് യൂണിറ്റിന്റെ 11/11/2020 ലെ എൽഎംയു/ജനറൽ/4എ/2014/309 നമ്പരായുള്ള കുറിപ്പ്.
2. 29/09/2020 ലെ സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)ന്റെ (സിഎംഡി) നമ്പർ 1272/2020/ വിഎംസി/ഹൈയേട് വെഹിക്കിൾ/ 421/ എൽഎംയു/2020-21 ാം നമ്പർ പ്രകാരമുള്ള ഉത്തരവ്.
3. നമ്പർ ഡിജിസി/എഇഇVI /ലാന്റ്/2014, തീയതി 25/11/2020 പ്രകാരം മുഴുവൻ സമയ ഡയറക്ടർമാർക്ക് സമർപ്പിച്ച കുറിപ്പ് (അജണ്ട നമ്പർ 03/12/20).

## ഉത്തരവ്

ചീഫ് കോ-ഓർഡിനേറ്റർ, ലാന്റ് മാനേജ്മെന്റ് യൂണിറ്റിന് അനുവദിച്ചിരുന്ന വാഹനം റണ്ണിംഗ് കണ്ടീഷനിലല്ലാതിരുന്നതിനാൽ 01.10.2020 മുതൽ ഒരു മാസത്തിൽ 1500 കിലോമീറ്റർ (പരമാവധി 2000 കിലോമീറ്റർ) ഓടുന്നതിന് കരാർ വ്യവസ്ഥയിൽ എടുത്തിട്ടുള്ള വാഹനവും ഡ്രൈവറുമാണ് സൂചന (2) പ്രകാരം അനുവദിച്ചിരുന്നത്.

നിലവിൽ പൊന്നുംവില, സർക്കാർ പുറമ്പോക്ക് ഭൂമികൾ കെഎസ്ഇബി വക പേരിലേക്ക് മാറ്റുന്ന ജോലികൾ ടി യൂണിറ്റിന് കീഴിൽ പുരോഗമിക്കുന്നു. കൂടാതെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കെഎസ്ഇബി ലിമിറ്റഡ് വക ഭൂമിയിൽ കൃഷി ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കായി നിരവധി സ്ഥലങ്ങളിലും പദ്ധതി പ്രദേശങ്ങളിലേക്കുമുള്ള സന്ദർശനം, ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട സ്ഥലങ്ങളും മാറ്റി പാർപ്പിക്കേണ്ടി വരുന്നവർക്കായി നൽകുവാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളുടെയും പരിശോധന, കല്ലാർകുട്ടി, പെരുന്തേനരുവി തുടങ്ങിയ കെഎസ്ഇബി ലിമിറ്റഡിന്റെ വക സ്ഥലത്തെ അനധികൃത കൈയ്യേറ്റം സർവ്വെ വഴി കണ്ടെത്തി ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ എന്നിവയുടെ നടത്തിപ്പിനായി ചീഫ് കേ-ഓർഡിനേറ്റർക്ക് സംസ്ഥാനാടിസ്ഥാനത്തിൽ യാത്ര ചെയ്യേണ്ടതായി വരുന്നു.

മുകളിൽ പ്രസ്താവിച്ച വസ്തുതകൾ പരിഗണിച്ച് ചീഫ് കോർഡിനേറ്റർ, ലാന്റ് മാനേജ്മെന്റ് യൂണിറ്റിന് അനുവദിച്ചിരിക്കുന്ന വാഹനത്തിന്റെ യാത്രാ പരിധി ഒഴിവാക്കി നൽകുകയോ, കെഎസ്ഇബി ലിമിറ്റഡ് വക വാഹനം അനുവദിച്ചു നൽകുകയോ ചെയ്യണമെന്ന് സൂചന (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

(മറുപുറം)

മേൽ വിഷയം 02/12/2020 ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗത്തിൽ പരിഗണിച്ചതിന്റെ ഫലമായി ചീഫ് കോർഡിനേറ്റർ, ലാന്റ് മാനേജ്മെന്റ് യൂണിറ്റിന് അനുവദിച്ച വാടക വാഹനത്തിന്റെ പ്രതിമാസ യാത്രാ പരിധി 2500 കിലോമീറ്റർ ആയി ഉയർത്താൻ തീരുമാനിക്കുക യുണ്ടായി. ഈ പരിധി കഴിഞ്ഞാൽ ആയതിന് പ്രത്യേകം അനുമതി വാങ്ങേണ്ടതാണെന്ന് തീരുമാനിച്ച് ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

ഫുൾ ടൈം ഡയറക്ടർമാരുടെ ഉത്തരവ് പ്രകാരം,

ഒപ്പ്/-

**ലേഖ.ജി**

**കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്**

സ്വീകർത്താവ്

ചീഫ് കോർഡിനേറ്റർ, ലാന്റ് മാനേജ്മെന്റ് യൂണിറ്റ്.

പകർപ്പ്:

1. ഫിനാൻഷ്യൽ അഡ്വൈസർ/ചീഫ് ഇന്റേണൽ ആഡിറ്റർ.
2. ചീഫ് എൻജിനീയർ (ഐ.ടി).
3. കമ്പനി സെക്രട്ടറി ഇൻ-ചാർജ്ജ്.
4. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, എച്ച്.ആർ.എം. & ഐ.ടി)/ ഡയറക്ടർ (ട്രാൻസ്മിഷന് & സിസ്റ്റം ഓപ്പറേഷൻ)/ഡയറക്ടർ (കോർപ്പറേറ്റ് പ്ലാനിംഗ്, ജനറേഷൻ-ഇലക്ട്രിക്കൽ, ജനറേഷൻ-സിവിൽ, എസ്.സി.എം & സേഫ്റ്റി) എന്നിവരുടെ ടെക്നിക്കൽ അസിസ്റ്റന്റുമാർ.
5. ഡയറക്ടർ (ഫിനാൻസ്) ന്റെ പേഴ്സണൽ അസിസ്റ്റന്റ്.
6. ചീഫ് വിജിലൻസ് ഓഫീസർ/സെക്രട്ടറി (ഭരണം) യുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/സ്റ്റോക്ക് ഫയൽ.
7. **അസിസ്റ്റന്റ് എഞ്ചിനീയർ , വെഹിക്കിൾ മോണിറ്ററിംഗ് സെൽ**
8. ഫയൽ നമ്പർ.എൽ.എം.യു/ലാന്റ്/അഗ്രി/123/2020.

**ഉത്തരവിൻ പ്രകാരം**

**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ**